Draft #4 of File 77733/AC B7-2/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 10-Feb-2022 12:56 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ആലുവ യൂണിയൻ ക്രിസ്റ്റ്യൻ കോളേജിന് സ്വയംഭരണ പദവി അനുവദിക്കുന്നതിനായി ടി കോളേജ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്- ടി വിഷയം പരിശോധിക്കുന്നതിന് ഇൻസ്‌പെക്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 1388/AC B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.02.2022

---

*പരാമർശം:*-1) 05/08/2021-ലെ 77733/AC B7-2/2021/AC B 7 നമ്പർ കത്ത്

2) 08/09/2021-ൽ 4452/ACB2/2021/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ്

3) 15/12/2021-ലെ ആലുവ യു.സി.കോളേജ് പ്രിൻസിപ്പലിന്റെ 1686/2021നമ്പർ കത്ത്.

4) 31/01/2022-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 191/22.01/77733/AC B7-2/2021/AC B 7

**<u>ഉത്തരവ്</u>**

സർവ്വകലാശാല അഫിലിയേറ്റഡ് കോളേജായ ആലുവ യു.സി.കോളേജിന് സ്വയംഭരണ പദവി ലഭിക്കുന്നതിനായി ടി കോളേജ് യു.ജി.സി.യ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയം ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി. 08/07/2021-ലെ സിൻഡിക്കേറ്റ് യോഗം വിഷയം പരിഗണിച്ചുകൊണ്ട്, ആലുവ യു.സി.കോളേജിൽ, നിലവിൽ, യു.ജി.സി. റഗുലേഷൻ 2018 പ്രകാരമുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ, നിയമാനുസൃതമായി നിയമിക്കുകയോ സർവ്വകലാശാലയുടെ അംഗീകാരം ലഭിക്കുകയോ ചെയ്ത പ്രിൻസിപ്പൽ ഇല്ല എന്നതിനാൽ ടി കോളേജിന്റെ സ്വയംഭരണ പദവി ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കണമോ എന്നതിൽ സർക്കാരിന്റെ സ്പഷ്ടീകരണം വാങ്ങുന്നതിനു തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം-1 പ്രകാരം സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം തേടിയിരുന്നു.

എന്നാൽ ആലുവ യു.സി. കോളേജിലെ പ്രിൻസിപ്പൽ നിയമനത്തിന് ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം-2 പ്രകാരം സർവ്വകലാശാല അംഗീകാരം നൽകിയ സാഹചര്യത്തിൽ ആലുവ യു.സി. കോളേജിന്റെ സ്വയംഭരണ പദവിക്കായുള്ള അപേക്ഷ പരിഗണിക്കണമെന്ന് ടി കോളേജ് പ്രിൻസിപ്പൽ പരാമർശം-3 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2021 മാർച്ച് 1-നു സർവകലാശാല നിയമത്തിൽ സ്വയംഭരണ കോളേജുകളെ സംബന്ധിക്കുന്ന അധ്യായത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായി സംസ്ഥാന സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഓർഡിനൻസ് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്റ്റ്, 1985-ലെ സ്വയംഭരണ കോളേജുകളെ സംബന്ധിച്ച അധ്യായം IX-ലെ വ്യവസ്ഥകളിൽ ചില ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം സർവകലാശാല നിയമത്തിൽ അഫിലിയേറ്റഡ് കൊളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുന്ന വകുപ്പ് 115-ലെ വ്യവസ്ഥകൾക്കും മാറ്റം വന്നിരിക്കുന്നു. പുതിയ ഓർഡിനൻസിലെ ഇത് സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം അപേക്ഷ സ്വീകരിച്ച് ഏഴ് ദിവസത്തിനുള്ളിൽ ടി വിഷയം പരിശോധിക്കുന്നതിന് സിൻഡിക്കേറ്റ് അഞ്ചു അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, കോളേജിന്റെ അക്കാദമിക് പ്രകടനം, അടിസ്ഥാന സൗകര്യങ്ങൾ, രഹസ്യാത്മകതയോടും

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സുതാര്യതയോടും കൂടി വിലയിരുത്തലുകൾ നടത്തുന്നതിന് യോഗ്യതയുള്ള ഫാക്കൽറ്റി സൗകര്യങ്ങൾ, നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ കോളേജ് നിറവേറ്റുന്നുണ്ടോ എന്നിവ ടി കമ്മിറ്റി പരിശോധിച്ച് ഏഴ് ദിവസത്തിനകം റിപ്പോർട്ട് വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

ആലുവ യു.സി. കോളേജിന്റെ സ്വയംഭരണ പദവി അനുവദിക്കുന്നതിനായുള്ള അപേക്ഷ 31/01/2022-ലെ സിൻഡിക്കേറ്റ് യോഗം പരാമർശം-4 പ്രകാരം പരിഗണിച്ചുകൊണ്ട്, ടി കോളേജിലെ പഠന ഭൗതിക അനുബന്ധ സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. റെജി സക്കറിയ (സിൻഡിക്കേറ്റ് അംഗം), ശ്രീ.ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം), ഡോ. എ. ജോസ് (സിൻഡിക്കേറ്റ് അംഗം), ഡോ.എം.എച്ച്. ഇല്ലിയാസ് (സിൻഡിക്കേറ്റ് അംഗം), ഡോ.ഷജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം) എന്നിവരടങ്ങുന്ന ഒരു പരിശോധന സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) അഡ്വ. റെജി സക്കറിയ, സിൻഡിക്കേറ്റ് അംഗം
3 ) ശ്രീ.ഹരികൃഷ്ണൻ പി., സിൻഡിക്കേറ്റ് അംഗം
4 ) ഡോ.എം.എച്ച്. ഇല്ല്യാസ്, (സിൻഡിക്കേറ്റ് അംഗം)
5 ) ഡോ.എ.ജോസ് (സിൻഡിക്കേറ്റ് അംഗം)
6 ) ഡോ.ഷജില ബീവി എസ്., സിൻഡിക്കേറ്റ് അംഗം
7 ) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
8 ) പ്രിൻസിപ്പൽ, യു.സി. കോളേജ്, ആലുവ.
9 ) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
10 ) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
11 ) അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ 22 (പരീക്ഷ )
12 ) ഏസി.സി. സെക്ഷൻ/ ലീഗൽ സെക്ഷൻ
13 ) പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെൽ/ ഐ.ക്യൂ.എ.സി.
14 ) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ / ഇ.ഐ.39 സെക്ഷൻ
15 ) സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #4 of File 77733/AC B7-2/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 10-Feb-2022 12:56 PM - Page 2

മഹാത്മാഗാന്ധി സർവകലാശാല, കേരളം